LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതം

28 (T*.5375)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിത ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച വിഹിതം മുൻവർഷത്തെ അപേക്ഷിച്ച് എപ്രകാരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകൾക്ക് അനുവദിച്ച വിഹിതത്തിലാണ് മുൻവർഷത്തെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ; ഇത് ഈ വകുപ്പുകളുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടെ മുൻ വർഷത്തെ പദ്ധതി വിഹിത വിനിയോഗം കുറയാനിടയായത് ഈ വർഷത്തെ പദ്ധതി വിഹിത ലഭ്യതയെ ബാധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് വിവിധ വകുപ്പുകളുടെ പദ്ധതി വിനിയോഗം യഥാസമയം വിലയിരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പരിപ്രേക്ഷ്യ 2030 പദ്ധതി

29 (5376) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിന്റെ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 പ്രകാശനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള പരിപ്രേക്ഷ്യ പദ്ധതി 2030, 13-7-2015-ൽ പ്രകാശനം ചെയ്തിട്ടുണ്ട്.

(ബി) വിവിധ വകുപ്പ് സെക്രട്ടറിമാർ, അദ്ധ്യക്ഷൻമാർ, മറ്റ് ഉയർന്ന് ഉദ്യോഗസ്ഥർ എന്നിവരുമായി ആസൂത്രണബോർഡ് വൈസ് ചെയർമാൻ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ കൂടിയാലോചന നടത്തുകയും പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതിനായി 2015-16 വർഷ ബഡ്ജറ്റിൽ 25 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പ്രവൃത്തികൾ

30 (5377) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തുക വീതമാണ് വകയിരുത്തിയിട്ടുള്ളത് ; ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അന്യസംസ്ഥാനത്തുനിന്നുള്ള പാൽ വിപണനത്തിന്റെ മറവിൽ തട്ടിപ്പ്

31 (5378) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനത്ത് നിന്നുള്ള പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി വിപണനം ചെയ്ത് തട്ടിപ്പുകൾ നടത്തുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ തട്ടിപ്പുകാരണം യഥാർത്ഥ കർഷകരിൽ നിന്നും പാൽ സംഭരണത്തിൽ കുറവു വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :